## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 771

16.07.2014 ൽ മറുപടിയ്ക്ക്

# സഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന മൂലധനം, നിക്ഷേപ ബാക്കി നിൽപ്പ്, വായ്പാ ബാക്കി നിൽപ്പ്, ഓഡിറ്റ് ക്ലാസിഫിക്കേഷൻ, ലാഭവിഹിതം നൽകുന്നത്, വായ്പയിന്മേലുള്ള കുടിശ്ശിക (NPA) ശതമാനം എന്നിവയും ജില്ലാ സഹകരണ ബാങ്ക്/അർബൻ ബാങ്ക് എന്നിവയാണെങ്കിൽ മേൽപ്പറഞ്ഞവ കൂടാതെ മൂലധന പര്യാപ്തതയുമാണ് സംഘങ്ങളെ/ബാങ്കുകളെ തരംതിരിക്കുന്നതിന് (ക്ലാസ്സിഫിക്കേഷൻ) നിലവിലുള്ള മാനദണ്ഡങ്ങൾ. |
| (ബി) ക്ലാസ്സിഫിക്കേഷൻ നടത്തുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്.<br>19.01.2013 ലെ ജി.ഒ (പി) നം. 12/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ 3 മാസത്തിനകം പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ പുനർ നിർണ്ണയം നടത്തിയിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെയും, അർബൻ സഹകരണ ബാങ്കുകളുടെയും ക്ലാസ്സിഫിക്കേഷൻ നടപടികൾ |

| | | |
|---|---|---|
| | | പൂർത്തീകരിക്കേണ്ട പരമാവധി കാലാവധി 18.04.2013 ആയിരുന്നു.<br>മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം സംഘം/ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അധിക സമയം ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ക്ലാസ്സിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട കാലാവധി 3 മാസത്തേയ്ക്ക് കൂടി സഹകരണ സംഘം രജിസ്ട്രാർക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അർബൻ സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 53/2013 സർക്കുലർ തീയതി മുതൽ ഒരു മാസത്തിനകം ക്ലാസ്സിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതുപ്രകാരമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ? | (സി) സമയബന്ധിതമായി ക്ലാസ്സിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതാത് സംഘങ്ങളുടെ ഭരണ സമിതിയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സിഫിക്കേഷൻ നടപടികൾ ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ